"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തൊഴിൽസഭ ജില്ലാതല ഉത്ഘാടനത്തിന് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3132/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

---

പരാമർശം:- 1. ജില്ലാ ആസൂത്രണ സമിതി ചെയർമാൻ സമർപ്പിച്ചിരിക്കുന്ന 08.11.2022 ലെ അപേക്ഷ.

**ഉത്തരവ്**

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ വിശ്വനാഥ ഓഡിറ്റോറിയത്തിൽ വച്ച് 09.11.2022 ന് നടന്ന തൊഴിൽ സഭയുടെ ജില്ലാതല ഉദ്ഘാടനത്തിനായി ചെലവ് വരുന്ന ഒന്നേകാൽ ലക്ഷം രൂപ (1,25,000/-) ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് ജില്ലാ ആസൂത്രണ സമിതി ചെയർമാൻ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ വിശ്വനാഥ ഓഡിറ്റോറിയത്തിൽ വച്ച് 09.11.2022 ന് നടന്ന തൊഴിൽ സഭയുടെ ജില്ലാതല ഉദ്ഘാടനത്തിനായി ചെലവായ തുകയിൽ പരമാവധി ഒന്നേകാൽ ലക്ഷം രൂപ (1,25,000/-) ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sheeba Beegom.a.m**
**Date: 19-12-2022 11:20:00**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.